**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3665** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഡ്യൂപ്ലിക്കേറ്റ് ആർ.സി. ബുക്കുകൾ എടുക്കുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ വാഹന ഉടമകളുടെ നഷ്ടപ്പെട്ട ആർ.സി. ബുക്കുകൾക്ക് പകരമായി ഡ്യൂപ്ലിക്കേറ്റ് ആർ.സി. ബുക്കുകൾ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | സ്വകാര്യ വാഹനങ്ങളുടെ നഷ്ടപ്പെട്ട ആർ.സി.യ്ക്ക് പകരം ഡ്യൂപ്ലിക്കേറ്റ് ആർ.സി. നൽകുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കേന്ദ്രമോട്ടോർ വാഹന ചട്ടങ്ങൾ 1989-ന്റെ ചട്ടം 53-ൽ പ്രതിപാദിച്ചിരിക്കുന്നു. അതനുസരിച്ച് ആർ.സി.നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം വാഹന ഉടമ പോലീസ് അധികൃതരെ അറിയിക്കുകയും Form 26-ൽ ഉള്ള അപേക്ഷ ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ നിർദ്ദിഷ്ട ഫീസ് ഒടുക്കി സമർപ്പിക്കുകയും വേണം. പ്രസ്തുത അപേക്ഷയുടെ നിജസ്ഥിതി സംബന്ധിച്ച് രജിസ്റ്ററിംഗ് അതോറിറ്റി അന്വേഷണം നടത്തിയശേഷമാണ് നിലവിൽ ഡ്യൂപ്ലിക്കേറ്റ് ആർ.സി. നൽകുന്നത്. അന്വേഷണത്തിന്റെ ഭാഗമായി വാഹന ഉടമയെ നേരിട്ട് ഹിയറിംഗ് നടത്തുകയോ സത്യവാങ്മൂലം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും വാഹനത്തിന്റെ പേരിൽ വായ്പ സ്വീകരിക്കുകയും പ്രസ്തുത വിവരം (Hypothecation agreement) ആർ.സി.യിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (No objection certificate) ഹാജരാക്കേണ്ടതാണ്. |
| (ബി) | ആയതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം.324/2021/ ഗതാഗതം തീയതി 23.09.2021 പ്രകാരം മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് ഡ്യൂപ്ലിക്കേറ്റ് ആർ.സി.യ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, അപേക്ഷകൻ ഓഫീസിൽ വരാതെ തന്നെ സേവനങ്ങൾ നൽകുന്നതിനും |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കാനായി സോഫ്റ്റ് വെയർ ഡെവെലപ് ചെയ്ത NIC (National Informatic Centre)- യോട് ആവശ്യപ്പെട്ടിട്ടുണ്ട്. Software-ൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതോടു കൂടി ഡ്യൂപ്ലിക്കേറ്റ് ആർ.സി. നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ